## ഏലിയാ സ്ലീവാക്കാലം എട്ടാം ഞായർ

**മത്താ 8:23-34**

## അല്പവിശ്വാസികളെ നിങ്ങൾ എന്തിന് ഭയപ്പെടുന്നു

റവ. ഫാ. ജോസ് മണ്ടാനത്ത്

വിശുദ്ധ മത്തായിയുടെ സുവിഷശേഷം ഒരു ക്രമം പാലിക്കുന്നുണ്ട്. മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങൾ മലയിലെ പ്രസംഗമാണ്. യേശുവിന്റെ വചനങ്ങൾ അടങ്ങിയ ഭാഗം (Account of Jesus words) – ദൈവികജ്ഞാനം വാക്കുകളിൽ (Divine wisdom in speech). എട്ടാം അധ്യായം യേശുവിന്റെ പ്രവൃത്തികളാണ്; സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രവൃത്തികൾ. അദ്ഭുതങ്ങളുടെ അധ്യായമാണ് എട്ടാം അധ്യായം (8:18–22 ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗത്തെക്കുറിച്ച് ഈശോ പറയുന്നു. ഒരു നിയമജ്ഞൻ യേശുവിനെ അനുഗമിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുമ്പോഴാണ് യേശു അത് പറയുന്നത്. നിയമജ്ഞന്റെ ആഗ്രഹം ഒരു അദ്ഭുതമാണ്). എട്ടാം അധ്യായത്തിലെ ഏഴ് അദ്ഭുതങ്ങളിൽ രണ്ടെണ്ണമാണ് ഇന്നത്തെ സുവിശേഷം. യേശുവിന്റെ സാന്നിധ്യം നല്കുന്ന സമാധാനവും ശാന്തതയുമാണ് (Peace of the presence of Jesus) ആദ്യത്തെ അദ്ഭുതം സൂചിപ്പിക്കുന്നത്. പ്രകൃതിശക്തിയുടെ മേലുള്ള യേശുവിന്റെ അധികാരം പ്രകടമാക്കുന്ന അദ്ഭുതം കൂടിയാണ്.

ഗലീലിക്കടൽ താരതമ്യേന ചെറിയ കടലാണ്. വടക്ക് – തെക്ക് 13 മൈലും കിഴക്ക് – പടിഞ്ഞാറ് എട്ടു മൈലും ഉള്ള ഒരു തടാകം. അതിനാൽ തന്നെ പെട്ടെന്ന് വളരെ ശക്തമായി ക്ഷോഭിക്കുന്ന, കൊടുങ്കാറ്റുയർത്തുന്ന കടലാണ് ഗലീലിക്കടൽ. ഗ്രീക്കിൽ “Seismos” എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം ഭൂകമ്പം എന്നാണ്. കടൽക്ഷോഭത്തിന്റെ തീവ്രത സൂചിപ്പിക്കുന്നു ഈ വാക്ക്. മീൻപിടുത്തക്കാരനായ പത്രോസിനും മറ്റും പരിചിതമായ കടലാണിത്. അവർ പോലും ഭയപ്പെടുമാറുള്ള കൊടുങ്കാറ്റ് അസാധാരണമാം വിധത്തിൽ ഉഗ്രശക്തിയുള്ളതായിരുന്നിരിക്കണം. ഇത്ര ഭീകരമായ കൊടുങ്കാറ്റും തോണിമുങ്ങത്തക്കവിധം തിരമാലകൾ ഉയർന്നിട്ടും യേശു ഉറങ്ങുകയായിരുന്നു. മനസ്സിലാക്കാൻ പ്രയാസം. പ്രവർത്തന നിരതനായിരുന്ന യേശു തീർത്തും ക്ഷീണിതനായിരുന്നു. യേശുവിന്റെ മാനുഷികത ഇവിടെ പ്രകടമാകുന്നു. അതിനപ്പുറം, യേശുവിന് ഇതുപോലെ ഉറങ്ങാൻ കഴിഞ്ഞത് പിതാവായ ദൈവത്തിലുള്ള പരിപൂർണ വിശ്വാസം, അതു നല്കുന്ന അതിശയകരമായ സ്വാസ്ഥ്യബോധമാണ് (സങ്കീ. 4:8). വിശ്വാസമില്ലാത്തിടത്ത് ഭയമുണ്ടാകും. അവിശ്വാസം ഭയത്തെ ജനിപ്പിക്കുന്നു.

മൂന്നാമതായി, ശിഷ്യന്മാരുടെ വിശ്വാസത്തെ പരീക്ഷിച്ചതാകാം. പരീക്ഷണത്തിൽ അവർ പരാജയപ്പെട്ടു. വിശ്വാസക്കുറവിന്റെയും സംശയത്തിന്റെയും ഭയത്തിന്റെയുമെല്ലാം കൊടുങ്കാറ്റിലും തിരമാലകളിലുംപ്പെട്ട് ആടിയുലയുന്ന ശിഷ്യഗണത്തെയാണ് നാം കാണുന്നത്. അവൻ കാറ്റിനെയും കടലിനെയും ശാസിച്ചു; വലിയ ശാന്തതയുമായി. പ്രകൃതിശക്തികളുടെ മേലുള്ള യേശുവിന്റെ അധികാരവും ശക്തിയും പ്രകടമാക്കുന്ന പ്രവൃത്തി (സങ്കീ. 89:8–9). യേശു കൂടെയുള്ളതുകൊണ്ട് കൊടുങ്കാറ്റ് ഉണ്ടാകാൻ പാടില്ലേ? ജീവിതയാത്രയിൽ കർത്താവ് കൂടെയുണ്ട്. എന്നാലും പ്രശ്നങ്ങളുടെ, പ്രതിസന്ധികളുടെ കൊടുങ്കാറ്റും തിരമാലകളും ഉണ്ടാകും. യേശുവിലുള്ള ആഴമായ വിശ്വാസം, അവന്റെ സാന്നിധ്യാനുഭവം ഏതു കൊടുങ്കാറ്റിന്റെ നടുവിലും സമാധാനം നല്കും.

കഫർണാമിൽ നിന്ന് യേശു ഗലീലിക്കടൽ കടന്ന് വിജാതീയരായ ഗദറായരുടെ നാട്ടിലെത്തി. സ്ഥലത്തിന്റെ പേരിനെ സംബന്ധിച്ച് വ്യക്തതയില്ലായ്മയുണ്ട്. മർക്കോസും ലൂക്കായും ഗരസേനരുടെ ദേശം എന്നാണ് എഴുതിയിരിക്കുന്നത് (മർക്കോ. 5:1; ലൂക്കാ. 8:26). എന്നാൽ മത്തായി ഗദറായരുടെ ദേശത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്. പിശാചുബാധയെക്കുറിച്ചും യേശു പിശാചുബാധിതരെ സുഖപ്പെടുത്തുന്നതിനെക്കുറിച്ചുമുള്ള വിവരണങ്ങൾ സുവിശേഷങ്ങളിൽ പൊതുവെ നമ്മൾ കാണുന്നുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ മർക്കോസിനെ അപേക്ഷിച്ച് ഹ്രസ്വമായ വിവരണമാണുള്ളത്.

മർക്കോസും ലൂക്കായും ഒരു പിശാചുബാധിതനെക്കുറിച്ച് പറയുമ്പോൾ, മത്തായി രണ്ടുപേരെക്കുറിച്ച് പറയുന്നു. ശവക്കല്ലറകളും മൃതദേഹങ്ങളും യഹൂദജനം അശുദ്ധി കല്പിച്ചിരുന്നവയാണ്. അതുകൊണ്ട് തന്നെ അവിടെ വസിച്ചിരുന്ന പിശാചുബാധിതരുടെ സാന്നിധ്യം ആ വഴിയെ പോകുന്ന വരെ അശുദ്ധരാക്കും. കൂടാതെ അവർ ആക്രമകാരികളുമായിരുന്നതിനാൽ ജനം വളരെ ഭയപ്പെട്ടു.

നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഇസ്രായേലിൽ പൊതുവെയുണ്ടായിരുന്ന വിശ്വാസം മിശിഹായുടെയും വിധിയുടെയും സമയത്ത് പിശാചുക്കളും/തിന്മയുടെ ശക്തികളും നശിപ്പിക്കപ്പെടും എന്നാണ്. അതിനാൽ പിശാചു ബാധിതരുടെ ചോദ്യത്തിന്റെ അർത്ഥം, നിശ്ചയിക്കപ്പെട്ട സമയത്തിനുമുമ്പ് (the proper time of the Messiah) നീ എന്തിനു ഞങ്ങളെ നശിപ്പിക്കാൻ വരുന്നു എന്നാണ്.

പിശാചുക്കളുടെ അപേക്ഷ – അവരെ പന്നികൂട്ടത്തിലേക്കയക്കണമെന്ന്. ഈശോ അതനുവദിക്കാൻ കാരണങ്ങൾ – ഒന്ന്, ആ രണ്ടു മനുഷ്യരെ തന്നെ പിശാചു ബാധയിൽ നിന്ന് അവർ മോചിതരായെന്ന് ബോധ്യപ്പെടുത്താൻ. രണ്ട്, അക്കാര്യം മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ. മൂന്ന്, പിശാചുക്കളുടെ ഉദ്ദേശ്യം ആ മനുഷ്യരെ നശിപ്പിക്കുകയെന്നതായിരുന്നു. പന്നികളിൽ പിശാചുക്കൾ പ്രവേശിച്ച് അവയെ നശിപ്പിച്ചതിലൂടെ അത് എല്ലാവർക്കും വ്യക്തമാകുന്നു. യേശുവിന് അവരെ രക്ഷിക്കണമായിരുന്നു. എന്തുകൊണ്ട് പന്നികൾ മുങ്ങിച്ചാകാൻ യേശു ഇടവരുത്തി – ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ നിലയും വിലയും പന്നികളെക്കാൾ എത്രയോ വലുതാണ്. മനുഷ്യരക്ഷയാണ് പ്രധാനം.

ഗരസേനർ യേശുവിനോട് അവിടെ വിട്ടുപോകാൻ ആവശ്യപ്പെട്ടു – അവർക്ക് തങ്ങളുടെ വ്യക്തിപരമായ നഷ്ടങ്ങളായിരുന്നു പ്രധാനം. മനുഷ്യന്റെ സ്വാർത്ഥത. അപരന്റെ രക്ഷയെക്കാൾ സ്വന്തം ലാഭം നോക്കുന്ന മനോഭാവം അവർക്കുതന്നെ രക്ഷ ഇല്ലാതാക്കുകയാണ്.